ചാർജ്ജിംഗ് പോലീസ് സ്റ്റേഷൻ.

* 840. [47] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കൊല്ലം ഈ സ്റ്റേറിനു് എത്ര ചാർജ്ജിംഗ് പോലീസ് സ്റ്റേഷൻ തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്;

(ബി) തൊടുപുഴതാലൂക്കിൽ അറക്കുളത്തു് ഒരു ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉത്തരവായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു് എന്നുമുതൽ നടപ്പിലാകും ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) മൂന്നു്.
(ബി) ഇല്ല.
(സി) ഉദിക്കുന്നില്ല.

മുനിസിപ്പാലിറ്റികളിലെ വാഹനനികുതി.

* 841. [53] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തൃശ്ശൂർ, ചിറ്റൂർ, ഇരിഞ്ഞാലക്കുട, പാലൂർ, എറണാകുളം, ആലുവാ, പെരുമ്പാവൂർ എന്നീ മുനിസിപ്പാലിറ്റികൾക്കു് വാഹനകരം ഇനത്തിൽ ഗവണ്മെൻറ് ഈടാക്കുന്ന തുകയിൽനിന്നും എന്തെങ്കിലും വിഹിതം നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണു് ഇതു് നൽകുന്നതു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ചോദ്യത്തിൽ പറഞ്ഞ മുനിസിപ്പാലിറ്റികളിൽ പെരുമ്പാവൂർ മുനിസിപ്പാലിറ്റി ഒഴികെ മറ്റെല്ലാ മുനിസിപ്പാലിറ്റികൾക്കും നൽകുന്നുണ്ടു്.

(ബി) വാഹനനികുതിആക്ടു് നടപ്പിലാക്കിയതിനു് തൊട്ടുമുൻപുള്ള മൂന്നു കൊല്ലം വാഹനനികുതിയിനത്തിൽ മുനിസിപ്പാലിറ്റിക്കു ലഭിച്ച തുകയുടെ അടിസ്ഥാനത്തിൽ ആണ്ടേക്കു ശരാശരി ലഭിച്ചുവന്ന ആദായത്തിനു തുല്യമായ തുക നൽകിവരുന്നു.

പുതിയ റയിൽവേ.

* 842. [54] ശ്രീ. ടി. ഒ. ബാവാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തിരുവിതാംകൂർ–കൊച്ചിയിൽ പുതുതായി ഏതെങ്കിലും റയിൽവേ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ആലുവാ–മധുര റയിൽവേ ഇതിൽ ഉൾപ്പെടുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) താഴെ പറയുന്ന റയിൽവേ ലയനങ്ങൾ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താൻ ഈ ഗവണ്മെൻറ് കേന്ദ്രത്തിനോടു് ശുപാർശ ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

1. തിരുവനന്തപുരം–കന്യാകുമാരി.
2. തിരുനൽവേലി–കന്യാകുമാരി.
3. തൃശ്ശൂർ–കൊല്ലങ്കോട്–ചിറ്റൂർ.
4. തൃശ്ശൂർ–ഗുരുവായൂർ.
5. കുറിപ്പുറം–കൊടുങ്ങല്ലൂർ (ഗുരുവായൂർ വഴി).
6. കൊല്ലം–ചെങ്കോട്ട ലൈനിനെ പുനലൂർവച്ചു് ബന്ധിക്കുകയും, കൊല്ലം–കോട്ടയം ലൈനിനെ മാവേലിക്കരയേ, ചെങ്ങന്നൂരേ, തിരുവല്ലായിലോ വച്ചു് ബന്ധിക്കുകയും ചെയ്യുന്ന കോർഡ് ലൈൻ (chord line).
7. മാവേലിക്കര–ആലപ്പുഴ–എറണാകുളം.
8. കൊച്ചി–ബോഡിനായ്ക്കന്നൂർ.
9. ഏറ്റുമാനൂർ (കോട്ടയം–എറണാകുളം ലൈൻ)–മുണ്ടക്കയം.

(ബി) ഉൾപ്പെടും.

മജിസ്ട്രേട്ട് കോടതികൾ.

* 843. [56] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം രണ്ടാംക്ലാസ്സ് മജിസ്ട്രേട്ട് കോടതികളിലാണ് ഇപ്പോൾ മൂന്നാംക്ലാസ്സ് മജിസ്ട്രേട്ടന്മാരെ നിയമിച്ചിട്ടുള്ളതു്; എത്ര കാലത്തേയ്ക്കാണ് ഈ നിയമനം; ഇതുകൊണ്ടു് പൊതുജനങ്ങൾക്കു് വളരെയധികം ബുദ്ധിമുട്ടുള്ളതായി ഗവണ്മെൻറിനു് അറിയാമോ;

(ബി) വടക്കാഞ്ചേരി രണ്ടാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിയായി ഉയർത്തുന്നതിനു് മുഖ്യമന്ത്രിക്കു് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) തൃശ്ശൂർ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട് വടക്കാഞ്ചേരിയിൽ സബ്ബ്കോടതി നടത്തുന്ന സമിതിക്കു് ഈ ആവശ്യം നിറവേറ്റാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കുന്നാട്ടുകളത്തുള്ള മജിസ്ട്രേട്ടിനു മാത്രം രണ്ടാംക്ലാസ്സ് അധികാരം നൽകിയിട്ടില്ല. ഈ മജിസ്ട്രേട്ടിന്റെ നിയമനം തൽക്കാലത്തേയ്ക്കു് രണ്ടുമാസത്തേയ്ക്കാണു്. ഈ മജിസ്ട്രേട്ടിനു് രണ്ടാംക്ലാസ്സ് അധികാരം നൽകുന്ന കാര്യം ഹൈക്കോടതിയുമായി എഴുത്തുകുത്തിലിരിക്കുകയാണു്. പൊതുജനങ്ങൾക്കു് ബുദ്ധിമുട്ടുള്ളതായി അറിവില്ല.

(ബി) ശ്രീ. കെ. ജി മേനോൻ, സോഷ്യലിസ്റ്റ് പ്രവർത്തകൻ, വടക്കാഞ്ചേരി, ഒരു നിവേദനം അയച്ചിട്ടുണ്ടായിരുന്നു.

(സി) ഉദ്ദേശിക്കുന്നു.

പെൻഷൻ ഉദ്യോഗസ്ഥന്മാരുടെ ഡിയർനസ്സ് അലവൻസ്.

* 844. [60] ശ്രീ. കെ. സി. എബ്രഹാം : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

LIBRARY ARCHIVES Kerala Legislative Assembly